നമ്പർ: 31/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ രക്ഷകൻ നോറ്റ വിശുദ്ധ നോമ്പിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന അനുഗൃഹീത സമയമാണല്ലോ ഇത്. നമ്മുടെ വേരുകളും ഉറവുകളും ദൈവത്തിലാണെന്നും അവനോടൊപ്പവും അവനിലേക്കുതന്നെയുമാണ് നാം സഞ്ചരിക്കുന്നത് എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ ബോധ്യത്തിൽ നിന്ന് നാം എപ്പോഴെങ്കിലും ഇടറിവീണുപോയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് മടങ്ങിവരുവാനും വിശുദ്ധ നോമ്പ് നമ്മെ പ്രേരിപ്പിക്കുന്നു. അനുതാപവും കണ്ണുനീരും ഉപവാസവും പ്രാർത്ഥനയും മൂലം യോനാപ്രവാചകനും നിനുവാ നഗരവും വിടുതൽ നേടിയതിനെ ധ്യാനിച്ചുകൊണ്ട് തോറ്റുപോകാത്ത ആയുധമായ വിശുദ്ധ നോമ്പിനാൽ ദുഷ്ടന്റെ പോരാട്ടങ്ങളെ അതിജീവിക്കുവാൻ നമുക്കും പരിശ്രമിക്കാം. നന്മയിലേക്ക് വളരുവാനുള്ള അവസരമാണ് നോമ്പ്. പാപത്താൽ മലീമസമായ തേജസ്സിന്റെ വസ്ത്രം കണ്ണുനീരാൽ അലക്കി വെളുപ്പിക്കുവാനുള്ള വിശുദ്ധ ദിനങ്ങളാണ് വന്നെത്തുന്നത്. നമുക്ക് ഒരുപാട് ഇഷ്ടമുള്ളതിനെയൊക്കെ ഈ നോമ്പിൽ മാറ്റി വയ്ക്കാം. ലൗകികമായ ഉല്ലാസങ്ങൾക്ക് പകരം പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം ചിലവഴിക്കാം. ഉപവാസ മിച്ചം ദരിദ്രർക്ക് ദാനമായി നൽകാം. വേദവായനയ്ക്കും യാമപ്രാർത്ഥനകൾക്കും കുമ്പിടീലിനും കുടുംബം മുഴുവനും ഒന്നുചേരാം. അപ്രകാരമൊരു നോമ്പാചരണത്തിലൂടെ ദേശത്തിന് സൗഖ്യവും സഭയ്ക്ക് പുതുക്കവും കുടുംബങ്ങൾക്ക് നവീകരണവും പാപികൾക്ക് മാനസാന്തരവും കരഗതമാക്കുവാൻ കഴിയുമെന്ന് നാം വിശ്വസിക്കുന്നു. നോമ്പിലൂടെ രക്ഷകന്റെ ജയമുള്ള സ്ലീബായും രക്ഷാകരമായ ഉയർപ്പിന്റെ മഹത്വവും ദർശിക്കുവാൻ വിശ്വാസികൾക്ക് സാധിക്കും. "ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന നമ്മുടെ രക്ഷകന്റെ വാക്കുകൾ അനുഭവവേദ്യമാക്കുവാനായി നമുക്ക് നമ്മെത്തന്നെ ദൈവവഴികളിൽ പ്രതിഷ്ഠിക്കാം. കഷ്ടതകളുടെ ചൂളയിൽ എരിഞ്ഞു പോകാതെ ക്രൂശിലെ രക്ഷകനെ നോക്കി അവന്റെ ഉയർപ്പിന്റെ മഹത്വവും സമാധാനവും സന്തോഷവും ആർജ്ജിക്കുവാൻ നമുക്ക് സാധിക്കട്ടെ. 'ഞങ്ങളുടെ രക്ഷകൻ നോറ്റ നോമ്പേ സമാധാനത്താലെ വരിക' എന്ന പ്രാർത്ഥന നമുക്ക് ഹൃദയങ്ങളിൽ നിന്ന് ഏറ്റുചൊല്ലാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ഫെബ്രുവരി മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.